അനുവദിക്കുന്ന എം.എസ്.ഡി.പി., തീറ്റപ്പുൽകൃഷി വികസന പദ്ധതി, സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, പാലുൽപ്പാദനത്തിന് സാധ്യത കൂടുതലുള്ള പ്രദേശങ്ങളിലെ ക്ഷീരഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്.

പാലുൽപ്പാദനത്തിൽ വർദ്ധനവ് ലക്ഷ്യമിട്ട് മിൽമയുടെ മേഖലാ യൂണിയനുകൾ സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടുകൂടിയും മിനി ഡെയറി സ്കീം, പശുക്കളേയും കിടാരികളേയും വാങ്ങുന്നതിനുള്ള പദ്ധതികൾ, കന്നുക്കുട്ടി പരിപാലന പദ്ധതി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, സമീകൃത കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല്, ബദൽ തീറ്റ വിതരണം, ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാം ഉപകരണങ്ങൾ, കിടാരി പരിപാലന പരിപാടി, ഗ്രാമപ്രദേശങ്ങളിൽ കൃത്രിമ ബീജദാന സംവിധാനം, പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ സൗകര്യം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൂടാതെ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയും നൽകുന്നുണ്ട്.

ക്ഷീരകർഷകരെ തൊഴിലുറപ്പുപദ്ധതിയുടെ പരിധിയിൽപ്പെടുത്തുന്നതിന് നടപടി

64 (1432) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകരെ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 പ്രകാരം മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളായ തൊഴുത്ത്,

LIBRARY ARCHIVES Kerala Legislative Assembly

പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം പദ്ധതിയിലേറ്റെടുത്തുവരുന്നു. ഏറ്റവും കുറഞ്ഞത് രണ്ട് കറവമാടുകളെ പരിപാലിക്കുന്നവരും ഒരു വർഷം 150 ദിവസമെങ്കിലും ക്ഷീരസംഘത്തിൽ 10 ലിറ്റർ പാൽ നൽകുന്നവരുമായ ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തിയിനമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി) അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല.

ക്ഷീരകർഷകർക്കുള്ള പെൻഷൻ

65 (1433) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകർക്ക് എന്നുമുതലാണ് പെൻഷൻ അനുവദിച്ചത് ;

(ബി) എത്ര രൂപയായിരുന്നു പെൻഷൻ ; ഇപ്പോൾ എത്ര രൂപയാണ് ;

(സി) എത്ര പേർക്ക് ഈ പദ്ധതിയിലൂടെ പെൻഷൻ നൽകുന്നുണ്ട് ; ഏത് മാസംവരെയുള്ള പെൻഷൻ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ജനുവരി 2006 മുതലാണ് ക്ഷീരകർഷകർക്ക് പെൻഷൻ അനുവദിച്ചത്.

(ബി) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നും ക്ഷീരകർഷകർക്ക് 2006-ൽ 250 രൂപ പെൻഷൻ നൽകിവരികയും തുടർന്ന് 2009 ആഗസ്റ്റ് മുതൽ 300 രൂപയാക്കി വർദ്ധിപ്പിക്കുകയും വീണ്ടും ഏപ്രിൽ 2013 മുതൽ 500 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 54,294 പേർക്ക് ഈ പദ്ധതിയിലൂടെ പെൻഷൻ നൽകുന്നുണ്ട്. മേയ് 2015 വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

കെ. രാഘവൻ മാസ്റ്റർക്ക് സ്മാരകം

66 (1434) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള ചലച്ചിത്ര സംഗീത ശാഖയ്ക്ക് അമൂല്യ സംഭാവനകൾ നൽകിയ കെ. രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ സ്മാരകം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭ്യമായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly